കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം തിരുവല്ല നഗരസഭയിൽ യു.ഡി ക്ലാർക്കായിരുന്ന ശ്രീ.കെ.വി.മുരളീധരൻ ആശാരി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.967/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 01/03/2016.

പരാമർശം : 1.ശ്രീ.കെ.വി.മുരളീധരൻആശാരി,യു.ഡി.ക്ളർക്ക്,തിരുവല്ലനഗരസഭ/സമർപ്പിച്ച 19/03/2015 ലെ അപ്പീൽ അപേക്ഷ.

2. നഗരകാര്യ ഡയറക്ടറുടെ 06/10/2015 തിയതിയിലെ വി1-9075/15/ഡിയുഎ നമ്പർ കത്ത്.

ഉത്തരവ്

ശ്രീ.കെ.വി.മുരളീധരൻ ആശാരി തിരുവല്ല നഗരസഭയിൽ യു.ഡി.ക്ലാർക്കായി ജോലി നോക്കി വരവേ തിരുവല്ലാ നഗരസഭയ്ക്ക് 1996-97 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റായി അനുവദിച്ച ആദ്യ ഗഡു തുകയായ 87,648/-രൂപയും ചെറുകിട ഇടത്തരം പട്ടണങ്ങളുടെ സംയോജിത വികസനത്തിനായുള്ള പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതമായി അനുവദിച്ച് 19,92,000/-രൂപയും യഥാസമയം ട്രഷറിയിൽ ഒടുക്കു വരുത്തി മുനിസിപ്പൽ ഫണ്ടിൽ വരവു വയ്ക്കാതിരുന്നതിനെ തുടർന്ന് നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 20,79,648/- രൂപ നഷ്ടപ്പെടുവാനിടയായിട്ടുള്ളത് ടി കാലയളവിൽ തിരുവല്ല നഗരസഭയിൽ അക്കൗണ്ടന്റായിരുന്ന ശ്രീ.കെ.വി. മുരളീധരൻ ആശാരിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപവും അനാസ്ഥയും മൂലമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തിരുവല്ലാ നഗരസഭാ സെക്രട്ടറി ടിയാനെ സസ്പെൻഡ് ചെയ്യുകയുണ്ടായി. ശ്രീ.കെ.വി. മുരളീധരൻ ആശാരിയ്ക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാളുടെ വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ട് നഗരകാര്യ ഡയറക്ടറുടെ 29/05/2012 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിരുന്നു. ടി ഉത്തരവായതിനെതിരെ ശ്രീ.കെ.വി.മുരളീധരൻ പരാമശം(1) പ്രകാരം അപ്പീൽ സമർപ്പിച്ചിരിക്കുന്നു..

സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീ.കെ.വി. മുരളീധരൻ ആശാരി യ്ക്കെതിരെയുള്ള അച്ചടക്കനടപടി ടിയാളുടെ വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരിക്കുന്നതിനാൽ സസ്പെൻഷൻ ന്യായീകരിക്കപ്പെടുന്നു. ആകയാൽ സസ്പെൻഷൻ കാലാവധി ഡ്യൂട്ടിയായി പരിഗണിച്ച് എല്ലാവിധ ആനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ശ്രീ.കെ.വി. മുരളീധരൻ ആശാരി സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

രത്നമ്മ.വി.

ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.